# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 434 — 21.03.2018 — ൽ മറുപടിക്ക്

## ഭക്ഷ്യ കമ്മീഷൻ രൂപീകരിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>,, ആർ. രാമചന്ദ്രൻ<br>,, എൽദോ എബ്രഹാം<br>,, മുഹമ്മദ് മുഹസിൻ പി. : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | ദേശീയ ഭക്ഷ്യ ഭദ്രത നിയമം അനുശാസിക്കുന്ന ഭക്ഷ്യകമ്മീഷൻ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) (ബി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 വകുപ്പ് 16 പ്രകാരം ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാനും അവലോകനം ചെയ്യുവാനും സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 21.08.2015 ലെ 23/15/ഭ.സി.സ.വ നം. ഉത്തരവ് പ്രകാരം സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിക്കാൻ ഉത്തരവായിട്ടുണ്ട്. എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ലെ 18-ാം അനുച്ഛേദ പ്രകാരം സംസ്ഥാന സർക്കാരിൽ നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി കമ്മീഷനെ ഫുഡ് കമ്മീഷനായി ചുമതലപ്പെടുത്താൻ കഴിയുമെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ 13.10.2016ലെ 16/16/ഭ.സി.സ.വ നം. ഉത്തരവ് പ്രകാരം സംസ്ഥാന ഭക്ഷ്യ കമ്മീഷൻ നിലവിൽ വരുന്നത് വരെയുള്ള ചുമതല സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര ഫോറത്തിന് നൽകിയിട്ടുണ്ട്.<br>2017-18 ലെ ബഡ്ജറ്റിൽ ജില്ലാതല പരാതി പരിഹാര ഓഫീസുകൾ/സ്റ്റേറ്റ് ഫുഡ് കമ്മീഷൻ എന്നിവയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി വകയിരുത്തിയിട്ടുള്ള 2.50 കോടി രൂപയിൽ നിന്നും 73.5 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭക്ഷ്യ ഭദ്രതാ ചട്ടങ്ങൾക്ക് മന്ത്രിസഭയുടെ അംഗീകാരം കിട്ടിയ സാഹചര്യത്തിൽ സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇല്ലെങ്കിൽ ഭക്ഷ്യകമ്മീഷൻ രൂപീകരിക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കുമോ; | | |
| (സി) | പ്രസ്തുത കമ്മീഷന്റെ ഘടനയും ചുമതലകളും ഉദ്ദേശ്യലക്ഷ്യങ്ങളും വ്യക്തമാക്കുമോ? | (സി) | കമ്മീഷന്റെ ഘടനയും ചുമതലകളും ഉദ്ദേശ്യലക്ഷ്യങ്ങളും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ ഘടന

| | |
|---|---|
| ചെയർപേഴ്സൺ | 1 |
| മെമ്പർമാർ | 5 |
| സീനിയർ സൂപ്രണ്ട് | 1 |
| ജൂനിയർ സൂപ്രണ്ട് | 1 |
| റേഷനിംഗ് ഇൻസ്പെക്ടർ | 2 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 2 |
| ക്ലാർക്ക് | 5 |
| ഡ്രൈവർ | 2 |
| ഓഫീസ് അറ്റൻഡന്റ് | 2 |
| സ്വീപ്പർ | 1 |

സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ മെമ്പർ സെക്രട്ടറി ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനായിരിക്കണമെന്നും മെമ്പർമാരിൽ രണ്ട് പേർ സ്ത്രീകളായിരിക്കണമെന്നും പട്ടികജാതി - 1, പട്ടിക വർഗ്ഗം- 1) നിയമം അനുശാസിക്കുന്നു.

## ഭക്ഷ്യ കമ്മീഷന്റെ ചെയർപേഴ്സന്റെയും മെമ്പർമാരുടേയും യോഗ്യത

1) സെക്ഷൻ 16(3) എ - ഓൾ ഇൻഡ്യ സർവ്വീസിൽ നിന്നോ, സംസ്ഥാന യൂണിയൻ സർവ്വീസിലുള്ള വ്യക്തികളോ അല്ലെങ്കിൽ സംസ്ഥാന യൂണിയൻ സർവ്വീസിലെ സിവിൽ പോസ്റ്റിൽ ഫുഡ് സെക്യൂരിറ്റി, നയ രൂപീകരണം, കൃഷി, സിവിൽ സപ്ലൈസ്, ന്യൂട്രീഷൻ, ഹെൽത്ത് എന്നിവയുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളിൽ പ്രാവീണ്യം നേടിയവരോ ആയിരിക്കണം.

2) സെക്ഷൻ 16(3) ബി - കൃഷി, നിയമം, മനുഷ്യാവകാശം, സോഷ്യൽ സർവ്വീസ്, മാനേജ്മെന്റ്, ന്യൂട്രീഷൻ, ഹെൽത്ത് എന്നീ വിഷയങ്ങളിൽ അനുഭവവും ജ്ഞാനവുമുള്ള പൊതുസമൂഹത്തിൽ നിന്നുമുള്ള പൊതുജന സമ്മതനായ വ്യക്തി

3) സെക്ഷൻ 16(3) സി - പാവപ്പെട്ട ആൾക്കാർക്ക് ഗുണകരവും പോഷകാഹാര പ്രദവുമായ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകണം എന്ന അവകാശത്തിനായി നിലകൊണ്ട വ്യക്തമായ രേഖാചിത്രമുള്ള വ്യക്തികൾ

*ചെയർപേഴ്സന്റെയും മെമ്പർമാരുടേയും സേവന കാലാവധി 5 വർഷമോ 65 വയസ് വരെയോ ആയിരിക്കും.*

/

സ്റ്റേറ്റ് ഫുഡ് കമ്മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ പറയുന്നവയാണ്.

സെക്ഷൻ 16 (6) - എ - ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും അവലോകനം നടത്തുകയും ചെയ്യുക

സെക്ഷൻ 16 (6) - ബി - നിയമത്തിൽ അനുശാസിക്കുന്ന വ്യവസ്ഥകളിന്മേലുള്ള അലക്ഷ്യമായ നടപടികൾ കണ്ടാലോ പരാതികൾ ലഭിച്ചാലോ നടപടി എടുക്കുക

സെക്ഷൻ 16 (6) - സി - ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നതിൽ സർക്കാരിന് ഉപദേശം നൽകുക.

സെക്ഷൻ 16 (6) - ഡി - ഭക്ഷ്യ /പോഷകാഹാരം സംബന്ധിച്ചുള്ള സ്കീമുകൾ നടപ്പാക്കുന്നത് സംബന്ധിച്ച് വ്യക്തികളെ നിയമത്തിൽ പറഞ്ഞിട്ടുള്ള അവകാശങ്ങൾക്ക് പ്രാപ്തരാക്കുന്ന കാര്യങ്ങളിൽ സർക്കാരിനോ, സർക്കാരിന്റെ ഏജൻസികൾ ക്കോ, സ്വയം ഭരണാധികാരമുള്ള സ്ഥാപനങ്ങൾ ക്കോ, പ്രസക്തമായ സേവനങ്ങൾ നൽകുന്ന സർക്കാരിതര സ്ഥാപനങ്ങൾ ക്കോ ആവശ്യമായ ഉപദേശം നൽകുക.

സെക്ഷൻ 16(6) ഇ - ജില്ലാ പരാതി പരിഹാര ആഫിസർമാരുടെ ഉത്തരവിന്മേലുള്ള അപ്പീൽ തീർപ്പാക്കൽ

സെക്ഷൻ 16 (6) - എഫ് - നിയമസഭയ്ക്ക് മുൻപിൽ വയ്ക്കുവാനുള്ള വാർഷിക റിപ്പോർട്ട് തയ്യാറാക്കൽ

**GOVERNMENT OF KERALA**
**Abstract**

Food & Civil Supplies Department – Implementation of National Food Security Act – Setting up of State Food Commission and District Grievance Redressal Offices – Sanctioning of posts - orders issued.

**Food & Civil Supplies (B) Department**

G.O(Ms)No.23/15/F&CSD. Thiruvananthapuram, Dated, 21.08.15.

Read :- 1) G.O.(MS)No.53/13/F&CSD dated 02.12.2013
2) Letter No.(CS)A6-26840/13 dated 14.01.15. from Commissioner of Civil Supplies, Thiruvananthapuram

**ORDER**

As part of implementation of National Food Security Act, 2013 every State Government has to constitute a State Food Commission and District Grievance Redressal Offices as part of internal grievance redressal mechanism. Section 15 of the Act provides for appointment of an Officer to be the District Grievance Redressal Officer for expeditious and effective redressal of grievances of the aggrieved persons in matters relating to distribution of entitled foodgrains or meals under chapter II and to enforce the entitlements under this Act. Section 16 of the Act provides for the constitution of a State Food Commission for the purpose of monitoring and review of implementation of the Act.

The Commissioner of Civil Supplies vide letter read 2nd paper above submitted a proposal for setting up of a State Food Commission and 10 District Grievance Redressal Offices as detailed below :

| | |
|---|---|
| 1. Kasargode and Kannur | - 1 |
| 2. Kozhikode and Wayanad | - 1 |
| 3. Kottayam and Idukki | - 1 |
| 4. Kollam and Pathanamthitta | - 1 |
| 5. 1 each for all other districts | - 6 |
| Total DGROs | - 10 |

Government have examined the proposal in detail and are pleased to sanction the constitution of a State Food Commission and 10 District Grievance Redressal Offices with the following staff pattern.

**State Food Commission**

| Sl. No. | Staff Details | No | Scale of Pay |
|---|---|---|---|
| 1) | Member Secretary | 1 | 40640-57440 +500 SP |
| 2) | Senior Superintendent | 1 | 18740-33680 |
| 3) | Junior Superintendent | 1 | 16180-29180 |
| 4) | Rationing Inspectors | 2 | 14620-25280 |
| 5) | Confidential Assistant | 2 | 10480-18300 |
| 6) | Clerks | 5 | 9940-16580 |
| 7) | Driver | 2 | 9190-15780 |
| 8) | Office Attendant | 2 | 8500-13210 |
| 9) | Sweeper | 1 | 5520-8400 |
| | **Total No of Posts** | **17** | |

**District Grievance Redressal Offices**

| | Staff details | No. per Office | No.of Offices | Total Staff | Scale of Pay |
|---|---|---|---|---|---|
| 1) | District Grievance Redressal Officer | 1 | 10 | 10 | 22360-37940 |
| 2) | Confidential Assistant | 1 | 10 | 10 | 10480-18300 |
| 3) | Junior Superintendent | 1 | 10 | 10 | 16180-29180 |
| 4) | Clerks (3 Clerks each for Office handling 2 district) | 2/3 | 10 | 24 | 9940-16580 |
| 5) | Drivers | 1 | 10 | 10 | 9190-15780 |
| 6) | Office Attendants | 1 | 10 | 10 | 8500-13210 |
| 7) | Part time sweeper | 1 | 10 | 10 | 4250-6700 |
| | **Total No of Posts** | | | **84** | |

A detailed order regarding appointment, functioning, terms of office, conditions of service, salary and allowances, expenses relating to the constitution of the State Food Commission and District Grievance Redressal Offices will be issued separately.

By Order of the Governor,
**Dr. DEVENDRA KUMAR DHODAWAT**
**Secretary**

1. The Commissioner of Civil Supplies, Thiruvananthapuram
2. The Director of Civil Supplies, Thiruvananthapuram
3. The Principal Accountant General (A&E), TVPM
4. The Principal Accountant General (Audit), TVPM
5. The General Administration (SC) Department
6. The Finance Department *(vide File No.Agri-A1/138/2014-Fin dated 10.6.15)*
7. Stock File/Office copy

Forwarded by Order
Sd/-
Section Officer

**GOVERNMENT OF KERALA**

**Abstract**

F&CSD – Implementation of National Food Security Act, 2013 - Entrusting duties and responsibilities in connection with the Implementation in the State – Sanctioned – Orders issued.

==========================================================

**Food & Civil Supplies (B) Department**

G.O(Ms)No.16/2016/F&CSD. Thiruvananthapuram,Dated13/10/16

Read:- 1) GO(Ms)No53/13/F&CSD dated 02.12.13.
2) G.O(Ms)No.23/15/F&CSD dated 21.08.15.

**ORDER**

Government has decided to implement NFSA in the State vide G.O. read as 1st paper above. As the first step the 'priority and non-priority' house holds are to be identified and Rationcards are to be issued urgently.

For it a timeline is fixed as follows :

1) Draft list has been published in the official website on 05.10.16
   - Local Governments shall take copies of the list for displaying in their offices.
   - TSOs shall take copies for the publication in their offices and should provide copies to village officers and ARDs
   - In Tribal areas copies should be given to offices of Tribal Department too.

2) Official publication of the lists will be on 15.10.16.

3) Complaints from the public will be received up to 25.10.16
   - TSOs shall make arrangements to receive complaints through separate counters in their offices Panchayat wise/ ARD wise counters should be prepared. Director of Civil Supplies will give detailed instructions.
   - Complaints shall be disposed of on first come first serve basis from the date of publication of list itself. Verification committee's shall be given detailed guidelines by DCS in this regard.

4) Verification Committee shall complete the verification by 15.11.16.

5) Appeals shall be finalized by 30.11.16.
   - De-duplication, Aadhaar seeding and Bank Account verification should be done along with. All concerned should be alerted in this matter by the DCS.

6) Final list shall be ready by 15.12.16.
7) Local self Governments should get the list approved by 31.12.16 and it should be in the public domain on 01.01.17.
8) New Ration Cards shall be issued from 01.02.17 onwards and will be completed by 15.03.17.
9) The End to End Computerisation and Implementation of NFSA should be completed by the co-ordinated efforts of DCS, Supplyco, NIC, C-Dit before 31.03.2017.

In addition to it, as per Sec 29 of the Act there should be an Internal Grievance Redressal Mechanism at district level and State Food Commission to look after the state level issues.

Government have examined the matter in detail and are pleased to designate Additional District Magistrate/Deputy Collector (General) as District Level Grievance Redressal Officer.

Kerala State Consumer Dispute Redressal Commission will discharge the duties of 'State Food Commission' until a full fledged Commission comes in to force. District Collectors would co-ordinate the activities at District level.

G.O(Ms)No.23/15/F&CSD issued in this respect stands modified to the above extent.

The respective Officers assigned the duties mentioned as above should discharge the same for implementing NFSA in State on war footing.

By Order of the Governor,

**S M VIJAYANAND**
**CHIEF SECRETARY**

To

The Director of Civil Supplies, TVPM
The KSCDR Commission (with (Covering Letter)
The Chairman and Managing Director, Supplyco
All District Collectors
General Administration (SC) Department
The State Informatics Officer, NIC, TVPM
I&PRD (for publication in the official website)
All Sections in Food & Civil Supplies Department
Stock File / Office Copy

Forwarded by order,

Section Officer

**GOVERNMENT OF KERALA**
**Abstract**

F&CSD – Setting up of State Food Commission in connection with National Food Security Act, 2013-Working Group Meeting - Administrative Sanction accorded - Orders issued.

**Food & Civil Supplies (B) Department**

G.O(Rt)No.360/2017/F&CSD. Thiruvananthapuram, Dated, 09.10.2017

Read :- 1. Letter No.D1-6563/17 dated 13.09.2017 from the Director of Civil Supplies, Thiruvananthapuram
2. Minutes of the Working Group Meeting held on 19.09.2017 in the chamber of the Special Secretary, Food & Civil Supplies Department.

**ORDER**

As per the decision of the Working Group Meeting held on 19.09.2017, Government have accorded Administrative Sanction to utilize an amount of Rs. 73,50,000/-(Rupees Seventy Three Lakh and Fifty Thousand only) during the financial year 2017-18 for Setting up of State Food Commission and District Grievance Redressal Offices in connection with National Food Security Act,2013 subject to the condition that construction work shall be arranged as per the price software estimate of Public Works Department and concurrence of the Finance Department shall be obtained for the purchase of vehicle by observing all existing rules and procedures. Utilization of the fund will be effected only after identifying a suitable place for the purpose.

| Explanation | Cost Components | Amount |
|---|---|---|
| Setting up of State Food Commission & District Grievance Redressal Offices | 1. Executive cabin for Chairperson | 5,00,000 |
| | 2. Executive cabin for 5 members | 7,50,000 |
| | 3. Sitting Room (30 Chair round table, Air conditioner) | 5,00,000 |
| | 4. Visitors room | 1,00,000 |
| | 5. Seminar hall (100 chair, sound system, LCD projector, Air conditioner) | 5,00,000 |
| | 6. Office room furnishing for Member Secretary and 16 staff | 15,00,000 |
| | 7. Vehicle(3Nos) | 35,00,000 |
| | **Total** | **73,50,000** |

2. The expenditure in this regard will be met from the Head of Account '3456-00-001-80(Plan)'.

By Order of the Governor,
**MINI ANTONY IAS**
**Special Secretary**

To

The commissioner of Civil Supplies, Thiruvananthapuram
The Director of Civil Supplies, Thiruvananthapuram
The Principal Accountant General (A&E/Audit), TVPM
Stock File / Office Copy

Forwarded/By Order,

Section Officer